ദേശാഭിമാനി

08 March 2026

■ അന്താരാഷ്ട്ര വനിതാദിനം

# മത്സ്യമേഖലയിൽ വിജയഗാഥയുമായി ഷീജയും രമാദേവിയും

സ്വന്തം ലേഖിക

കൊച്ചി

കഠിനാധ്വാനത്തിലൂടെ മത്സ്യമേഖലയിൽ പുതിയ മാതൃക സൃഷ്ടിക്കുകയാണ് ഷീജ സിൽവിയും കെ എസ് രമാദേവി പ്രമോദും. കല്ലുമ്മക്കായ കൃഷിയിലൂടെയാണ് കൊല്ലം തെക്കുംഭാഗം സെന്റ് സെബാസ്റ്റ്യൻ ഐലൻഡിലെ ഷീജ സിൽവി നേട്ടമുണ്ടാക്കിയത്. എറണാകുളം നായരമ്പലം സ്വദേശിയായ രമാദേവി അലങ്കാരമത്സ്യകൃഷിയിലാണ് മികവ് തെളിയിച്ചത്. മത്സ്യമേഖലയിലുള്ളവർക്ക് സാങ്കേതികസഹായവും പരിശീലനവും നൽകുന്ന സിഎംഎഫ്ആർഐയുടെ എസ്ടിഐ (സയൻസ് ടെക്നോളജി ആൻഡ് ഇന്നൊവേഷൻ) ഹബ്ബ് പദ്ധതിയുടെ ഗുണഭോക്താക്കളാണ് ഷീജയും രമാദേവിയും. കൊല്ലം അഷ്ടമുടിക്കായലിൽ ഭർത്താവ് സിൽവിയോടൊപ്പമാണ് ഷീജ കല്ലുമ്മക്കായ, കടൽമുരിങ്ങാ കൃഷിയിലേക്കിറങ്ങിയത്. പത്ത് വർഷംമുമ്പ് ചെറിയരീതിയിൽ തുടങ്ങിയ സംരംഭം സിഎംഎഫ്ആർഐയുടെ പരിശീലനത്തിലൂടെ വാണിജ്യാടിസ്ഥാനത്തിലേക്ക് വളർന്നു. ശാസ്ത്രീയരീതി അവലംബിക്കുന്നതിനാൽ വരുമാനം മെച്ചപ്പെട്ടു. ഒരു യൂണിറ്റിൽനിന്ന് ഒരുലക്ഷം രൂപവരെ ലാഭം ലഭിക്കും. കുടുംബത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തിയത് ഷീജയുടെ സംരംഭമാണ്. അയൽവീടുകളിലെ ഒട്ടേറെ സ്ത്രീകൾക്ക് തൊഴിൽ നൽകാനും സാധിക്കുന്നു.

പത്ത് വർഷംമുമ്പ് വിനോദത്തിനായി അലങ്കാരമത്സ്യകൃഷി തുടങ്ങിയതാണ് രമാദേവി. 2022ൽ സിഎംഎഫ്ആർഐയുടെ എസ്ടിഐ ഹബ്ബ് പദ്ധതിയുടെ ഗുണഭോക്താവായത് വഴിത്തിരിവായി. ലഭ്യമായ എല്ലാത്തരം അലങ്കാരമത്സ്യങ്ങളും രമാദേവിയുടെ ഫാമിലുണ്ട്. നിലവിൽ സർക്കാർ സ്ഥാപനമായ കാവിൽ (കേരള അക്വാ വെഞ്ച്വേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ്) വഴിയും നേരിട്ടും മീനുകളെ വിൽക്കാറുണ്ട്. ആഴ്ചയിൽ ശരാശരി 5,000 രൂപയോളം വരുമാനം ലഭിക്കും. ഭർത്താവ് പ്രമോദും ഒപ്പമുണ്ട്. ഷീജയുടെയും രമാദേവിയുടെയും സംരംഭക മികവിനുള്ള അംഗീകാരമായി സിഎംഎഫ്ആർഐ തിങ്കളാഴ്ച സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര വനിതാദിന പരിപാടിയിൽ ഇരുവരെയും ആദരിക്കും. ഷീല കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി മുഖ്യാതിഥിയാകും.



ഷീജ സിൽവി കല്ലുമ്മക്കായ കൃഷിയിടത്തിൽ



രമാദേവി പ്രമോദ് അലങ്കാരമത്സ്യങ്ങൾക്ക് തീറ്റ നൽകുന്നു